# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം
## (ഹയർസെക്കന്ററി വിഭാഗം),
## ജഗതി, തിരുവനന്തപുരം

സംഗ്രഹം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - അധ്യാപകർക്കുള്ള മിനി റിസർച്ച് പ്രോഗ്രാം - അനുമതി നൽകിയും ഗ്രാന്റ് അനുവദിച്ചും - ഉത്തരവാകുന്നു.

---

**നം . HSE/13590/2025-Acd Spl2** **തീയതി : 05-12-2025**

---

പരാമർശം : **1.** **13/06/2025** തീയതിയിലെ **G.O(Rt)No.3841/2025/G.EDN** നമ്പർ സർക്കാർ ഉത്തരവ്.

**2.** **01/10/2025** തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം.

**3.** **12/11/2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

ഹയർസെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതിയാണ് **EAP (Enhancement of Academic Programme).** ഹയർ സെക്കൻഡറി അധ്യാപകർക്കിടയിൽ ഗവേഷണ ആഭിമുഖ്യം വളർത്തുന്നതിനായി അംഗീകരിക്കപ്പെട്ട മിനി റിസർച്ച് പ്രോഗ്രാം **EAP** യുടെ ഭാഗമായാണ് നടത്തപ്പെടുന്നത്. ആയതിൻ പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ താല്പര്യമുള്ള അധ്യാപകരിൽ നിന്നും മേൽ പരാമർശം **(2)** പ്രകാരം റിസർച്ച് പ്രൊപ്പോസലുകൾ

സ്വീകരിച്ചിരുന്നു. ഇപ്രകാരം സമർപ്പിക്കപ്പെട്ട 47 പ്രൊപ്പോസലുകൾ സൂക്ഷ്മപരിശോധന നടത്തി അനുമതി നൽകുന്നതിനും ഗവേഷണം പൂർത്തിയാക്കി സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങൾ വിലയിരുത്തുന്നതിനുമായി മേൽ പരാമർശം (3) പ്രകാരം SCERT ഡയറക്ടർ ചെയർമാനായി വിദഗ്ദ സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു .

പ്രസ്തുത സമിതി മിനി റിസർച്ചിന് ലഭിച്ച പ്രോപ്പോസലുകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനായി 2025 നവംബർ 13, 14, 15 തിയ്യതികളിലായി ഒരു പ്രീ റിസർച്ച് പ്രസന്റേഷൻ നടത്തുകയുണ്ടായി . ഇത് പ്രകാരം 43 അധ്യാപകർ അവരവരുടെ പ്രൊപ്പോസലുകൾ അവതരിപ്പിച്ചു. വിദ്യാഭ്യാസ പരമായ പ്രാധാന്യം കണക്കിലെടുത്ത് 20 പേർക്ക് ഗവേഷണ അനുമതി നൽകാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഗവേഷണത്തിന് അനുവദിക്കാവുന്ന പരമാവധി തുകയും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം (അനുബന്ധം 1) വിവിധ ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിലെ 20 അധ്യാപകർക്ക് 2025-26 വർഷത്തെ മിനി റിസർച്ച് പ്രോഗ്രാം ചെയ്യുന്നതിനുള്ള അനുമതിയും ഫണ്ടും അനുവദിച്ചു ഉത്തരവാകുന്നു.

മിനി റിസർച്ചുമായി ബന്ധപ്പെട്ട ഫണ്ടിന്റെ വിനിയോഗം, റിപ്പോർട്ട് സമർപ്പണം എന്നിവക്കായി വിശദമായ മാർഗരേഖകളടങ്ങിയ സർക്കുലറും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

മിനി റിസർച്ച് പരിപാടിക്കായി ആകെ 13,34,735/-രൂപ (പതിമൂന്നു ലക്ഷത്തി മുപ്പത്തി നാലായിരത്തി എഴുന്നൂറ്റി മുപ്പത്തിയഞ്ചു രൂപ ) 2202-02-105-95 (P) എന്ന ശീർഷകത്തിൽ നിന്നും 2025 - 26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നു. അഡ്വാൻസ് ആയി നൽകുന്ന പ്രസ്തുത തുക സെറ്റിൽമെന്റ് ചെയ്യുന്നതിന്റെ ചുമതല ഫണ്ട് അനുവദിക്കപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും. തുക ട്രഷറി വഴി സെറ്റിൽ ചെയ്ത ശേഷം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, UC (KFC ഫോം 44 ൽ തയ്യാറാക്കിയത്), ബാക്കി തുക ഉണ്ടെങ്കിൽ ആയത് സറണ്ടർ ചെയ്ത

റിപ്പോർട്ട് എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് **2026** മാർച്ച് **31** നകം സമർപ്പിക്കേണ്ടതാണ്.

Signed by
Umesh N S K
പൊതുവിദ്യാഭ്യാസ ഡയറക്ടർ
Date: 05-12-2025 16:11:16

പകർപ്പ് :

1. ബന്ധപ്പെട്ട പ്രിൻസിപ്പൽ മാർക്ക്
2. ബന്ധപ്പെട്ട അധ്യാപകർക്ക്
3. ഫിനാൻസ് (സി) സെക്ഷൻ
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
5. കരുതൽ ഫയൽ / അധികം

| NO | NAME OF TEACHER | NAME OF SCHOOL AND CODE | TOPIC OF RESEARCH. | SCHOOL THROUGH WHICH FUND IS DISBURSED | DETAILS OF FUND ALLOTTED |
|---|---|---|---|---|---|
| 1 | Asha G<br>PEN:448528 | Devadhar GHSS, Tanur,Malappuram School Code:11004 | Role of Mangroves in combating climate change and upliftment of people living in coastal areas | Devadhar GHSS, Tanur,Malappuram , School Code:11004 | Data collection - 20,000/-<br>Lab testing – 35,000/-<br>Product Preparation and promotion – 20,000/-<br>Mangrove nursery preparation and installation at educational instituion – 10,000/-<br>Scope for identifying value added products from mangroves – 5,000/-<br>Library corner for mangroves – 5,000/-<br>Formation of mangroveclub and mangrove propagation activities - 2,500/-<br>Information Dissemination room for mangrove propagation – 2,500/-<br>Total : **1,00,000/-** |
| 2 | Dr SREEJA K<br>PEN:395165 | Govt Higher Secondary School Kunduparamba, School Code:10137 | Exploring the potential of Biology in the development of a knowledge society | Govt Higher Secondary School Kunduparamba, Kozhikode,<br>School Code:10137 | Teaching Aids& Lab materials- 15,000/-<br>Printing &Documentation- 5,000/-<br>ICT tools & Content - 10,000/-<br>Workshops &Awareness-6,000/-<br>Field visits-15,000/-<br>Data collection & Analysis-5,000/-<br>Miscellaneous: 5,000/-<br>Total Rs: **61,000/-** |
| 3 | Dr. C V Suresh Kumar,<br>PEN:154874 | MVHSS Arumanoor, School Code:01061 | വിജ്ഞാന സമൂഹ നിർമ്മിതിയും ഭാഷാസാഹിത്യ പഠനവും: കേരളത്തിലെ ഹയർ സെക്കണ്ടറി മേഖലയെ മുൻനിറുത്തി ഒരു വിശകലനം. | ഗവ.വി& എച്ച് എസ് എസ്, പൂവാർ<br>**School Code:1131** | രേഖകൾ ശേഖരിക്കുന്നതിന്. – **10,000**<br>സർവേ, രേഖകളുടെ പകർപ്പ് തയ്യാറാക്കൽ - **5,000/-**<br>ചർച്ചകൾ, കേസ് സ്റ്റഡി, യാത്രാചെലവ് – **10,000/-**<br>എഴുത്ത് ഉപകരണങ്ങൾ - **1,000/-**<br>പ്രബന്ധ നിർമ്മിതി – **5,000/-**<br>മറ്റിനം – **4,000/-**<br>**ആകെ 35,000/-** |

| | | | | | |
|---|---|---|---|---|---|
| 4 | MUHAMMED RAFI K PEN:728152 | GHSS ANAMANGAD, , MALAPPURAM School Code:11029 | Developing a Supplementary Reading Book Incorporating High-Frequency English Words for Higher Secondary Students in Kerala | GHSS ANAMANGAD, , MALAPPURAM (DT), , School Code:11029 | Drafting/ editing/ proofreading /12 stories= 15,000<br>Books/ 10-15 = 13,000<br>Developing Post-reading vocab activities = 10,000<br>TA & DA/Accommodation = 15,000<br>Printing & binding= 5,000<br>Miscellaneous= 5,000<br>Conference /presentation expenses = 4,000<br>Total : **67,000/-** |
| 5 | ROSHAN TREASA PAUL PEN:912913 | GHSS Mathil, Payyannur, Kannur. School Code:13026 | The Potential Scope of Translanguaging Practices in English Language Teaching in Kerala Higher Secondary Schools | GHSS Mathil, Payyannur, Kannur., School Code:13026 | Materials and Resources – 5,000/-<br>Travel,Publishing and Personal costs – 25,000/-<br>Learning Apps – 5,000/-<br>Miscellaneous and Contingencies – 5,000/-<br>Total : **40,000/-** |
| 6 | ASIFA KHADIR PEN:399468 | GOVT GIRLS HSS HARIPAD ALAPPUZHA School Code:04023 | Student- Led Soil Acidicity Management In Kuttanad: Bringing Science and Ssustainable Agriculture. | GOVT GIRLS HSS HARIPAD ALAPPUZHA , School Code:04023 | Equipment-51,000/ ,Chemicals-6,510/ , Glassware.21,425/.,<br>Travel-15,000/<br>Contigency 10,000/.<br>...TOTAL=**1,03,935/-** |
| 7 | Dr. Ratheesh Mon P PEN:773990 | GHSS Pookkottur, Malappuram School Code: 11028: | From Textbook to Screen: Transforming NCERT Geography Content into Educational Short Films Using Generative AI and Digital Film Making | :GHSS Pookkottur, Malappuram,11028 | AI and Digital tools – 15,000<br>Film Production and equipment – 8,000/-<br>Field work and Filming expenses – 8,000<br>Research Support and Data collection – 5,000<br>Workshop and Demonstration – 2,000<br>Post production – 10,000<br>Dissemination & Reporting – 5,000<br>Contingency – 10,000<br>Total – **63,000/-** |
| 8 | SAJILESH K PEN:1009063 | GGHSS NEDUMANGAD, NEDUMANGAD, Thiruvanathapuram School Code:01009 | A Study on School based weather monitoring and students participation in Disaster Resilience. | GGHSS NEDUMANGAD, NEDUMANGAD THIRUVANATHAPU RAM, School Code:01009 | Worshop and other skill development activities – 10,000/-<br>Field work and surveys – 20,000/-<br>Mapping – 25,000/-<br>Travel Expense – 10,000/-<br>Documentation -5,000/-<br>DTP and Printing – 8,000/-<br>Other Expense – 5,000/-<br>Total – **83,000**/- |

| | | | | | |
|---|---|---|---|---|---|
| 9 | Sreelatha T M<br>PEN:155376 | Govt Jawahar HSS, Ayur, kollam<br>School Code:2098 | Impact of climate change on Myristica swamps -. An experimental study with special referance to Sasthanada swamp in Kollam district, Kerala | Govt Jawahar HSS, Ayur, Kollam,<br>School Code:2098 | GPS – 17,000/-<br>Weather instruments – 25,000/-<br>PH meter for soil – 1,200/-<br>Clinometer – 2,000/-<br>Rotometer – 2,100/-<br>Digital Soil Moisture – 1,500/-<br>Laser Disto meter – 17,000/-<br>Printing – 8,000/-<br>Miscellaneous – 10,000/-<br>Total – **83,800/-** |
| 10 | UMMER FAROOQ O P K<br>PEN:633391 | IKTHSS cherukulamba, Vattalur (PO), Malappuram<br>School Code:11038 | Enhancing Graph Interpretation Skills in Micro economics for Higher secondary school students in Kerala Using Interactive Digital Tools. | GGHSS Malappuram, downhill, Malappuram.<br>School Code:11001 | Travel expenses: 8,000/-<br>Stationary and printing: 10,000/-<br>Data collection/survey expenses: 8,000/-<br>Books, reference materials: 5,000/-<br>Typing, editing and report binding: 7,000/-<br>Data analysis: 7,000/-<br>Miscellaneous 5,000/-<br>Total **– 50,000/-** |
| 11 | DIVYA J<br>PEN:760268 | GHSS PALLIKKARA ,BEKAL FORT PO,kasaragod<br>School Code:14054 | Electrochemical Biosensors for Detection of Biological Analytes | GHSS PALLIKKARA ,BEKAL FORT P O,KASARAGOD,<br>School Code:14054 | (1). Electrodes and Polishing Kits – 20,000/-<br>(2). Chemicals, glassware, and small apparatus - 85,000/-<br>(3). Characterization Studies – 5,000/-<br>(4). Miscellaneous Expense – 5000/-<br>Total: **1,15,000/-** |
| 12 | AKHILASH M<br>PEN:927868 | GHSS KUZHIMATHICADU, KOLLAM<br>School Code :02007 | Synthesis, characterization and biological evaluation of hydrazone-derived metal chelates | GHSS KUZHIMATHICADU, KOLLAM-691509,<br>School Code:02007 | Chemicals and reagents – 37,000/-<br>Glass ware and lab consumebles - 15,000/-<br>Instrumentation charges – 40,000/-<br>Biological studies – 30,000/-<br>Printing and contingencies – 10,000/-<br>Travel – 3,000/-<br>Total – **1,35,000/-** |
| 13 | Dr Jithesh M<br>PEN:701985 | RMHSS melattur<br>School Code:11226 | Relationship between pedogical approach and happiness index amoung higher secondary school students of Malappuram District | GGHSS wandoor<br>School Code:11145 | Expenses of Tools – 15,000/-<br>Travel expenses – 10,000/-<br>Preparation of Module on joyful scince learning – 10,000/-<br>Photo copy and DTP – 10,000/-<br>Thesis Binding – 2,000/-<br>Discussion with experts – 5,000/-<br>Total : **52,000/-** |

| | | | | | |
|---|---|---|---|---|---|
| 14 | Dr Yadunandan S R<br>PEN:1007636 | Govt HSS Maniyur Palayad Nada PO,Vadakara Kozhikode<br>School Code:10114 | Need of skill development strategy on social media enabled content creation: A study based on the social media communication practice of higher secondary students. | Govt HSS Maniyur,Vadakara Kozhikode,<br>School Code:10114 | Traval expense - 10,000<br>Printing and materials expense -15,000<br>Books and resources -15,000<br>Accomodation and other expense -10,000<br>Total : **50,000/-** |
| 15 | Dr.Sreelu sreepadi<br>PEN:775619 | Ghss kayanna, Mattanode,perambra<br>School Code:10011 | Integrating Artificial Intelligence in Teaching and learning Practices among Higher Secondary Teachers and Students in Kerala. | Ghss kayanna, Mattanode,perambra,<br>School Code:10011 | Purchasing books and journals – 15,000/-<br>Field work – 15,000/-<br>Data analysis, Thematic mapping – 30,000/-<br>Print & Xerox - 5,000/-<br>Travel – 15,000/-<br>Total : **80,000/-** |
| 16 | Jishnu Vardhan GK<br>PEN:393043 | GHSS pottassery<br>School Code:9018 | Challenges of Cochlear-Implanted Students in Mainstream Education: An Analytical Study with Reference to Local Self-Government Support in Palakkad District, Kerala. | GHSS Pottassery,<br>School Code:9018 | 1. Field work 15,000 /-<br>( This includes expense for transportation ,food and lodging)<br>2. Print out 2,000/-<br>3. Binding 3,000 /-<br>4. GIS Maps/ Map work 20,000/-<br>5. Stationery 10,000/-<br>Total : **50,000/-** |
| 17 | Sabu M<br>PEN:613983 | Govt.V H S S Kulathoor, Uchakkada (1045), Neyyattinkara, Thiruvananthapuram<br>School Code:1045 | Evaluating the Availability of Facilities and Accessibility for Effective Digital Classroom Engagement in Higher Secondary Schools of Thiruvananthapuram District. | Govt.V H S S Kulathoor, Uchakkada, Thiruvananthapuram,<br>School Code:1045 | 1. Field travel & local logistics - 10,000/-<br>2. Data collection materials & printing - 10,000/-<br>3. Stationery - 5,000<br>4. Data entry/software /analysis - 10,000<br>5. Report printing, Journal, & workshop - 10,000<br>Total **45,000**/- |
| 18 | Sangeetha C kaimal<br>PEN:925636 | MEHSS Kottappady<br>School Code:07039 | Empowering Educators:Integrating AI in teacher training curriculum | Govt Girls HSS NORTH PARAVUR<br>School Code:07019 | Data collection, design and implementation --10,000/-<br>Data analysis and software tools- 10,000/-<br>Module preparation – 20,000/-<br>travel and accommodation for field visits and data collection. 15,000/--<br>Miscellaneous cost, report writing, editing and documentation - 5,000/- |

| | | | | | |
|---|---|---|---|---|---|
| | | | | | Total **: 60,000/-** |
| 19 | Deepthi P V<br>PEN:840703 | VVHSS NEMOM,<br>NEMOM P O<br>School Code:01176 | Development of an Emotional Intelligence package for Enhancing Mental Health and Mitigating Perceived Loneliness Among Girl Students at Higher Secondary Level in Thiruvananthapuram District. | Govt. HSS, Chalai,<br>Thiruvananthapuram<br>School Code:01041 | Data collection and field work: - 2,000/-<br>Documentation and stationary: 3,000/-<br>Data analysis report and package development : 23,000 ,<br>Mental health intervention and logistics : 20,000/-<br>Communication and contingency: 1000/-<br>Grand Total**: 49,000/-** |
| 20 | Teen Maria george<br>PEN:P31154 | SGHSS, Muthalakodam<br>School Code::6017 | Echoes of Isolation: A Study on the Emotional Resonance and Educational Relevance of Pandemic Literature through Select Indian Anthology Films. | APJ Abdul Kalam Government Higher Secondary School,Thodupuzha<br>School Code::6010 | Printing and stationery – 2,000/-<br>Reference materials – 2,500/-<br>Refreshments – 3,000/-<br>Data Processing – 2,000/-<br>Miscellaneous and contingency – 2,500/-<br>Total : **12,000/-** |
| Total Amount | | | | | **13,34,735/-** |

Signed by
Umesh N S K
Date: 05-12-2025 16:11:35

Director of General Education

**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - jdacad@gmail.com,
ഫോൺ : 0471-2580738

നം. HSE/13590/2025-Acd Spl2 തീയതി : 05-12-2025

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - EAP - ഹയർസെക്കൻഡറി അധ്യാപകർക്കുള്ള മിനി റിസർച്ച് പ്രോഗ്രാം - ഫണ്ട് ചെലവഴിക്കൽ, റിപ്പോർട്ട് സമർപ്പണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖകൾ - സംബന്ധിച്ച്.

സൂചന : 16/06/2023 തിയ്യതിയിലെ G.O(Rt)No.3576/2023/GEDN

ഹയർസെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതിയാണ് EAP (Enhancement of Academic Programme). ഹയർ സെക്കൻഡറി അധ്യാപകർ ക്കിടയിൽ ഗവേഷണ ആഭിമുഖ്യം വളർത്തുന്നതിനായി അംഗീകരിക്കപ്പെട്ട മിനി റിസർച്ച് പ്രോഗ്രാം EAP യുടെ ഭാഗമായാണ് നടത്തപ്പെടുന്നത്. പ്രസ്തുത പദ്ധതിക്കായി അനുമതി ലഭിച്ച അധ്യാപകർക്കും ബന്ധപ്പെട്ട പ്രിൻസിപ്പൽ മാർക്കും താഴെ പറയുന്ന മാർഗ്ഗരേഖകൾ നൽകുന്നു.

### ഫണ്ട് വിനിയോഗം

മിനി റിസർച്ച് പ്രോഗ്രാമിന് താഴെ പറയുന്ന ഉപാധികൾക്ക് വിധേയമായിട്ടായിരിക്കും ഫണ്ട് വിനിയോഗം നടത്തേണ്ടത്.

- മിനി റിസർച്ചിൻ്റെ ഭാഗമായി അനുവദിക്കപ്പെടുന്ന ഫണ്ട് അതത് സ്കൂൾ പ്രിൻസിപ്പാളിൻ്റെ അക്കൗണ്ടിലേക്ക് അലോട്ട്മെൻ്റായാണ് അനുവദിക്കുന്നത്. എയിഡഡ് സ്കൂൾ അധ്യാപകർക്ക് ഒരു ഗവ. സ്കൂൾ പ്രിൻസിപ്പൽ മുഖാന്തിരമായിരിക്കും തുക ലഭ്യമാക്കുക. ഓഡിറ്റിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സൗകര്യത്തിന് വേണ്ടിയാണ് അങ്ങനെയൊരു ക്രമീകരണം ചെയ്തിട്ടുള്ളത്.

- മിനി റിസർച്ചിൻ്റെ ഭാഗമായി അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ വിനിയോഗം **2026 മാർച്ച് 15** നകം പൂർത്തീകരിക്കേണ്ടതാണ്. ഫണ്ട് ലാപ്സാകുന്ന പക്ഷം വീണ്ടും അനുവദിക്കുന്നതല്ല.

- മിനി റിസർച്ചിൻ്റെ ഭാഗമായി അനുവദിക്കപ്പെടുന്ന ഫണ്ട് ബന്ധപ്പെട്ട ഉത്തരവിൽ പരാമർശിക്കുന്ന ബജറ്റ് പ്രകാരമാണ് ചെലവഴിക്കേണ്ടത്.
- പ്രസ്തുത തുക ആവശ്യാനുസരണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ചെലവഴിക്കപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച പ്രിൻസിപ്പൽമാരാണ്. അനുവദിക്കപ്പെട്ട തുക ട്രഷറി വഴി സെറ്റിൽമെന്റ് നടത്തേണ്ടതും ബന്ധപ്പെട്ട പ്രിൻസിപ്പൽമാരാണ്. സെറ്റിൽമെന്റിനു ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് **(KFC Form 44** മാതൃകയിൽ തയ്യാറാക്കിയത്), എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാക്കി തുക സറണ്ടർ ചെയ്ത രേഖകളും **2026 മാർച്ച് 31 നകം** ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
- മിനി റിസർച്ചിൻ്റെ ഭാഗമായി വാങ്ങുന്ന സാധനങ്ങൾക്ക് **'Store Purchase Rules'** ബാധകമായിരിക്കും.
- അനുവദിക്കപ്പെട്ട കാല പരിധിക്കുള്ളിൽ പൂർത്തിയാക്കുന്ന ഗവേഷണങ്ങൾക്കാണ് ഫണ്ട് അനുവദിക്കപ്പെടുന്നത്. അഡ്വാൻസ് തുക വിനിയോഗിക്കുകയും ഗവേഷണം അനുവദിക്കപ്പെട്ട കാല പരിധിക്കുള്ളിൽ പൂർത്തിയാക്കാതിരിക്കുകയോ ആവശ്യമായ നിലവാരം പുലർത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ചെലവഴിക്കപ്പെട്ട തുക പൂർണമായും സർക്കാരിൽ തിരിച്ചടക്കേണ്ടതാണ്.

- ഗവേഷണാവശ്യത്തിനായി കംപ്യൂട്ടർ/ലാപ്ടോപ്/പ്രിൻറ്റർ

എന്നിവ വാങ്ങാൻ അനുമതി നൽകുന്നതല്ല. ആയവ ബന്ധപ്പെട്ട അധ്യാപകർ സ്വന്തം നിലയിൽ ലഭ്യമാക്കേണ്ടതാണ്.

- ഗവഷണ പ്രബന്ധം വ്യക്തിഗതമായി ജേണലുകളിൽ പ്രസിദ്ധീകരിക്കുന്നതിന് വരുന്ന ചെലവുകൾക്ക് ഈ ഫണ്ട് വിനിയോഗിക്കാൻ പാടുള്ളതല്ല.

**<u>ഗവേഷണം</u>**

- മിനി റിസർച്ച് പ്രോഗ്രാമിനായി അനുവദിക്കപ്പെടുന്ന സമയ പരിധി **<u>2026 ഏപ്രിൽ 30</u>** ആണ്.
- ഇതിനിടയിലായി **2026** ജനുവരി മാസം **10** നും **20** നും ഇടയിലായി ഗവേഷണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി വിദഗ്ദ സമിതി മുൻപാകെ ഒരു ഇടക്കാല പുരോഗതി അവതരണം **(Mid Progress Presentation)** ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.
- ഗവേഷണ ആവശ്യത്തിനായി **10** ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതാണ്.
- ഗവേഷണം അനുവദിക്കപ്പെട്ട കാല പരിധിക്കുള്ളിൽ പൂർത്തിയാക്കാതിരിക്കുകയോ ആവശ്യമായ നിലവാരം പുലർത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അനുവദിക്കപ്പെട്ട പ്രത്യേക അവധി മറ്റു അർഹതപ്പെട്ട അവധിയാക്കി മാറ്റുന്നതാണ്. ഇതിനായി ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ ബന്ധപ്പെട്ട പ്രിൻസിപ്പൽ സ്വീകരിക്കേണ്ടതാണ്.

- പൂർത്തിയാക്കിയ പ്രബന്ധം നിശ്ചിത മാതൃകയിൽ (സർട്ടിഫിക്കറ്റ്, സാക്ഷ്യപ്പെടുത്തലുകൾ ഉൾപ്പെടെ) മൂന്ന് പകർപ്പുകൾ **(A4** ഷീറ്റ് പേപ്പറിൽ പ്രിൻറ്റ ചെയ്ത് ബൈന്റ് ചെയ്ത് **)** സമർപ്പിക്കേണ്ടതാണ്.

കൂടാതെ സോഫ്റ്റ് കോപ്പി pdf ആയും സമർപ്പിക്കേണ്ടതാണ്.

- പ്രബന്ധങ്ങളുടെ പകർപ്പവകാശം പൊതുവിദ്യാഭ്യാസ വകുപ്പിനായിരിക്കും. എന്നാൽ വ്യക്തിഗതമായി ജേണലുകളിൽ പ്രസിദ്ധീകരിക്കുന്നതിന്, അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതായിരിക്കും.

- അധ്യാപകർ ഗവേഷണാവശ്യത്തിനായി വാങ്ങുന്ന ഉപകരണങ്ങൾ, പുസ്തകങ്ങൾ, പുനരുപയോഗം ചെയ്യാൻ കഴിയുന്ന മറ്റു സാധനങ്ങൾ എന്നിവ ഗവേഷണാർത്ഥിയുടെ സ്കൂളിൻ്റെ fixed Assets രജിസ്റ്ററിൽ രേഖപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്. ഗവേഷണ ഫലമായുണ്ടാകുന്ന ഉൽപന്നങ്ങൾ ( e-കണ്ടന്റ് , സോഫ്റ്റ്‌വെയർ , പ്രത്യേക മാതൃകകൾ തുടങ്ങിയവ) എന്നിവ അവസാന ഘട്ട അവതരണത്തിന് വരുന്ന അവസരത്തിൽ എത്തിക്കേണ്ടതാണ്.

Signed by
Umesh N S K
പൊതുവിദ്യാഭ്യാസ ഡയറക്ടർ
Date: 05-12-2025 16:10:57

ബന്ധപ്പെട്ട എല്ലാ പ്രിൻസിപ്പൽ / അധ്യാപകർക്ക് .

K.F.C. FORM 44

(*See Chapter VIII, Article 210*)

FORM OF UTILISATION CERTIFICATE

**Certificate showing utilisation of Grants-in-aid**

Name of Office/Institution:

| Serial number | Order sanctioning grant | Amount sanctioned Rs. | Year to which the grant relates | Period of utilization | Date of payment | Purpose of the grant | Amount spent | Unspent balance | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |

1. Certified that out of the grant-in-aid of Rs…………………..sanctioned during the year..................................in favour of............................................................... as per the orders mentioned above, and Rs............................. on account of unspent balance of the previous year/years, a sum of Rs.................has been utilised for the purpose of for which the grant/grants was/ were sanctioned and that the balance of Rs........................ remaining unutilized at the end of the year (the period to be specified) has been surrendered to Government ( vide Chelan No……………………….. dated.............. )/will be adjusted towards the grant-in-aid payable for the succeeding year..................................

2. Certified that I have satisfied myself that the conditions on which the grant-in-aid was sanctioned have been duly fulfilled and that I have exercised the following checks to see that the money was actually utilized for the purpose for which it was sanctioned.

**Kinds of check Exercised**

1.
2.
3.

Signature:

Designation:

Date:

---

**G.O.(P) 377/76/Fin. Dated 10th December 1976*